# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 123**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളിക്കൈക്കാരും, സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ക്രിസ്താബ്ദം 2024 ഫെബ്രുവരി 7, 8, 9 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്ന വിശേഷാൽ പ്രതിനിധി മണ്ഡലയോഗത്തിൽ അംഗീകരിച്ച ഭരണഘടന ഭേദഗതികളും നിശ്ചയങ്ങളും സഭാ ഭരണഘടന 107–ാം വകുപ്പിൻ പ്രകാരം എപ്പിസ്കോപ്പാമാരുടെ സംഘം 2024 ഫെബ്രുവരി 19, 20 തീയതികളിൽ കൂടി അംഗീകരിച്ചു. ഈ ഭരണഘടന ഭേദഗതികളും നിശ്ചയങ്ങളും ഏവരുടെയും അറിവിനായി താഴെ ചേർത്ത് ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. അവയിലെ താൽപര്യപ്രകാരം സഭയുടെയും ഭദ്രാസന ങ്ങളുടെയും ഇടവകകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ കാര്യങ്ങളും നടത്തു കയും നടത്തിക്കുകയും ചെയ്യേണ്ടതാണെന്ന് ഈ കല്പന മൂലം അറിയിക്കുന്നു.

കൃപ നിങ്ങളോട് കൂടെ ഇരിക്കുമാറാകട്ടെ.

2024 മാർച്ച് മാസം 4–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

**2024 ഫെബ്രുവരി മാസം 7,8,9 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നടന്ന വിശേഷാൽ സഭാ പ്രതിനിധി മണ്ഡല യോഗവും 2024 ഫെബ്രുവരി 19, 20 തീയതികളിൽ കൂടിയ ബഹു. എപ്പിസ്കോപ്പൽ സിനഡും അംഗീകരിച്ച ഭരണഘടന ഭേദഗതികളും നിശ്ചയങ്ങളും.**

**ഭരണഘടന ഭേദഗതികൾ**

**അദ്ധ്യായം 1 പ്രഖ്യാപനങ്ങൾ**

**വകുപ്പ് 5B**

ഈ ഭരണഘടനയിൽ സഭ എന്നാൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭ എന്നാണ് അർത്ഥമാക്കുന്നത്.

**വകുപ്പ് 6**

മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്ക് അതിന്റെ പരമാദ്ധ്യക്ഷനായി ഒരു മാർത്തോമ്മാ മെത്രാപ്പോലീത്തായും, ആവശ്യാനുസരണം എപ്പിസ്കോപ്പാമാരും, പട്ടംകെട്ടപ്പെട്ട കശീശ്ശന്മാരും, ശെമ്മാശന്മാരും എക്കാലവും ഉണ്ടായിരുന്നിട്ടുള്ളതും ഉണ്ടായിരിക്കുന്നതുമാണ്.

**അദ്ധ്യായം 2 സഭാ ശുശ്രൂഷ**

**വകുപ്പ് 7**

**മാർത്തോമ്മാ മെത്രാപ്പോലീത്താ:–** മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്ക് മേലദ്ധ്യക്ഷനായി നിയമാനുസരണം വാഴിക്കപ്പെട്ടിട്ടുള്ള എപ്പിസ്കോപ്പാമാരിൽ മേല്പട്ടത്തമൂപ്പുള്ള ആൾ (ഒരേ സമയത്തു എപ്പിസ്കോപ്പാമാരായി വാഴിക്കപ്പെട്ടതാണെങ്കിൽ അവരിൽ പ്രായം കൂടിയ ആൾ) സാധാരണയായി മാർത്തോമ്മാ മെത്രാപ്പോലീത്തായായി അവരോധിക്കപ്പെടുന്നതാണ്. ഇപ്രകാരം അവരോധിക്കപ്പെടുന്ന മാർത്തോമ്മാ മെത്രാപ്പോലീത്തായാണ് ഈ ഭരണഘടനയിൽ മെത്രാപ്പോലീത്ത എന്ന സംജ്ഞയിൽ വിവക്ഷിക്കപ്പെട്ടിരിക്കുന്നത്.

മാർത്തോമ്മാ മെത്രാപ്പോലീത്താ ഔദ്യോഗിക നിലയിൽ, സഭയുടെ തെരഞ്ഞെടുക്കപ്പെടുന്ന ട്രസ്റ്റികളോടൊന്നിച്ച് സഭയുടെ ട്രസ്റ്റി ആയിരിക്കുന്നതാണ്".

**വകുപ്പ് 7 A (3)**

അധികാരം ഒഴിയുന്ന മെത്രാപ്പോലീത്താ, മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ എന്ന പേരിൽ അറിയപ്പെടുന്നതും എപ്പിസ്കോപ്പൽ സിനഡ്, സഭാ പ്രതിനിധി മണ്ഡലം, സഭാ കൗൺസിൽ എന്നീ ഭരണ ഘടകങ്ങളിൽ തുടർന്നും അംഗമായിരിക്കുന്നതുമാണ്. അധികാരമൊഴിയുന്ന മെത്രാപ്പോലീത്തായുടെ ആജീവനാന്ത സന്ധാരണത്തിനും പരിരക്ഷയ്ക്കും ആവശ്യമായ എല്ലാ ക്രമീകരണങ്ങളും സഭ നിർവ്വഹിക്കേണ്ടതാണ്.

**വകുപ്പ് 8 (1)**

മെത്രാപ്പോലീത്തായുടെ സഹായകരായി സഭാംഗങ്ങളായ പട്ടക്കാരിൽ നിന്നും ഈ ഭരണഘടനാ വ്യവസ്ഥകളനുസരിച്ച് ആവശ്യാനുസരണം തെരഞ്ഞെടുക്കപ്പെട്ടു വാഴിക്കപ്പെടുന്ന ഒന്നോ അധികമൊ എപ്പിസ്കോപ്പാമാർ ഉണ്ടായിരിക്കാവുന്നതാണ്.

**വകുപ്പ് 9**

**എപ്പിസ്കോപ്പാ:** എപ്പിസ്കോപ്പാ ക്രൈസ്തവ ജനങ്ങൾക്ക് ആത്മീയ പിതാവും ക്രിസ്തുവിന്റെ ആടുകളുടെ ഇടയന്മാർക്കു ഒരു പ്രധാന ഇടയനുമായിരുന്ന് അവരെ സന്ദർശിക്കുകയും, പഠിപ്പിക്കുകയും, ശാസിക്കുകയും, പട്ടംകൊടുക്കുകയും, കൂദാശകളുടെ അനുഷ്ഠാനത്തിനും ഇതരശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനും, വചനം പ്രസംഗിക്കുന്നതിനും, പട്ടക്കാരെ അധികാരപ്പെടുത്തുകയും, ക്രൈസ്തവരെ ഉപദേശിക്കുന്നതിലും ക്രൈസ്തവ വിശ്വാസത്തിലേക്ക് വരുന്നവർ സ്നാനപ്പെടുവാൻ സ്വമേധയാ താൽപര്യപ്പെട്ട് രേഖാമൂലം അപേക്ഷിക്കുന്നപക്ഷം അവരെ നിയമാനുസരണം സ്നാനപ്പെടുത്തി, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ അംഗങ്ങളാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും പൊതു ആരാധനകളുടെയും കർമ്മാനുഷ്ഠാനങ്ങളുടെയും മേൽനോട്ടം വഹിക്കുകയും പള്ളിപ്രതിഷ്ഠ നടത്തുകയും സഭാ നിയമങ്ങൾ നടപ്പിലാക്കുകയും, അനുതാപമില്ലാതെ പരസ്യമായി പാപത്തിൽ ജീവിക്കുന്നവർ, സഭാ നിയമങ്ങൾ ലംഘിക്കുന്നവർ, സഭയുടെയോ, ഭദ്രാസനത്തിന്റെയോ, ഇടവകയുടെയോ, സഭയുടെ അംഗീകൃതസ്ഥാപനങ്ങളുടെയോ,

താല്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർ, സഭയുടെയും ഇടവകകളുടെയും നടത്തിപ്പിനും ദൈനംദിന പ്രവർത്തനങ്ങൾക്കും ഭംഗവും തടസ്സവും മനഃപൂർവ്വം സൃഷ്ടിക്കുന്നവർ, സഭയുടെ പൊതു അച്ചടക്കത്തിനും അന്തസിനും ഭംഗം വരുത്തുന്നവർ, എന്നീ വിധമുള്ള വീഴ്ചക്കാരുടെ മേൽ സഭാഭ്രംശം ഉൾപ്പെടെ യുക്തമായ ശിക്ഷണനടപടികൾ സിനഡിന്റെ ആലോചനയോടുകൂടി കൈക്കൊള്ളുകയും അനുതപിക്കുമ്പോൾ യുക്താനുസരണം അവരെ സഭയിലേക്കു തിരികെ സ്വീകരിക്കുകയോ ഇതര ശിക്ഷകൾ ഇളവു ചെയ്യുകയോ ചെയ്യുന്നതുമാണ്. എന്നാൽ വിശ്വാസാചാരങ്ങളുടെ ലംഘനമൊഴികെയുള്ള കുറ്റങ്ങളിൽ സഭാഭ്രംശം ചെയ്യുന്നത് ഒരന്വേഷണ സമിതിയുടെ ശുപാർശപ്രകാരം ആയിരിക്കുന്നതാണ്.

ഈ അധികാരങ്ങൾ അതതു കാലത്തു നിലവിലിരിക്കുന്നവയും, ഒരു എപ്പിസ്കോപ്പായിൽ നിക്ഷിപ്തമായ അധികാരങ്ങൾ പ്രയോഗിക്കുന്നതിനെ നിയന്ത്രിക്കുന്നവയുമായ പ്രതിനിധിമണ്ഡല തീരുമാനങ്ങൾക്കും, ചട്ടങ്ങൾക്കും, വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതാണ്.

## വകുപ്പ് 9 A

ആരോഗ്യ സംബന്ധമായോ മറ്റ് കാരണങ്ങളാലോ എപ്പിസ്കോപ്പായ്ക്ക് തൽസ്ഥാന ചുമതലകൾ തുടർന്ന് നിർവ്വഹിക്കുന്നത് പ്രയാസമാണെന്ന് സ്വയം ബോധ്യമായാൽ ആ വിവരം എപ്പിസ്കോപ്പൽ സിനഡിനെ അറിയിച്ച്, ആയത് സിനഡ് അംഗീകരിച്ചും, സഭാ കൗൺസിലിന്റെ അറിവോടും മെത്രാപ്പോലീത്തായുടെ അനുമതിയോടും കൂടി എപ്പിസ്കോപ്പാ എന്ന നിലയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളും ചുമതലകളും ക്ലിപ്ത തീയതി മുതൽ ഒഴിയാവുന്നതാണ്.

ആരോഗ്യപരമായ കാരണങ്ങളാൽ ഒരു എപ്പിസ്കോപ്പായ്ക്ക് ഭദ്രാസന ചുമതലകൾ നിർവ്വഹിക്കുന്നതിന് സാധിക്കാത്ത സാഹചര്യങ്ങളിൽ എപ്പിസ്കോപ്പായിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ ഒരു ക്ലിപ്ത തീയതി മുതൽ എപ്പിസ്കോപ്പൽ സിനഡിന്റെ ആലോചനയോടെ മെത്രാപ്പോലീത്താ ഏറ്റെടുക്കേണ്ടതും ആവശ്യാനുസരണം എപ്പിസ്കോപ്പാമാരെ ചുമതലകൾ ഏൽപിക്കാവുന്നതുമാണ്.

## വകുപ്പ് 10

**ഭദ്രാസനാദ്ധ്യക്ഷൻ:** – ഒരു ഭദ്രാസന ഇടവകയുടെ അദ്ധ്യക്ഷനായി അതതുകാലത്ത് നിയോഗിക്കപ്പെടുന്ന എപ്പിസ്കോപ്പാ ആത്മീയ പിതാവും, പ്രധാന ഇടയനുമെന്ന നിലയിൽ ഇടവകകളും സഭാസ്ഥാപനങ്ങളും സന്ദർശിക്കുക, പ്രബോധിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, ശാസിക്കുക, മെത്രാപ്പോലീത്തായുടെ അനുമതിയിന്മേൽ ശെമ്മാശന്മാരേയും, കശ്ശീശന്മാരേയും പട്ടം കെട്ടുക, ക്രിസ്ത്യാനികളുടെ ബോധനത്തെയും, സുവിശേഷ പ്രവർത്തനങ്ങളെയും കാര്യക്ഷമമായവിധം നയിക്കുക, കൂദാശകളുടെ അനുഷ്ഠാനം, പരസ്യാരാധനയുടെ നിർവഹണം എന്നിവയുടെ മേൽനോട്ടം വഹിക്കുക, മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി പള്ളികളും മദ്ബഹാകളും കൂദാശ ചെയ്യുക, മേൽ 9–ാം വകുപ്പിൽ വിവരിക്കുന്ന ശിക്ഷണനടപടികൾ ഉൾപ്പെടെ യുക്തമെന്നു തോന്നുന്ന ശിക്ഷാരക്ഷകൾ നൽകി സഭാ ജനങ്ങളുടെ ഇടയിൽ ശരിയായ ശിക്ഷണം പാലിക്കുകയും തന്റെ അധികാരത്തിലുള്ള പട്ടക്കാർ കുറ്റം ചെയ്തതായി ബോധ്യമായാൽ അവരെ ശാസിക്കുകയും മെത്രാപ്പോലീത്തായുടെ മുൻപാകെ റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്യുന്നതിനും; അത്മായ ഉപാദ്ധ്യക്ഷർ, മുതൽ ചുമതലക്കാർ, കണക്കു ചുമതലക്കാർ, സെക്രട്ടറി, അത്മായ ശുശ്രൂഷകർ ഇവരുടെ തെരഞ്ഞെടുപ്പു അംഗീകരിക്കുന്നതിനും ന്യായമായ കാരണത്തിന്മേൽ അവരെ ജോലിയിൽ നിന്നും വിടർത്തുന്നതിനും;

ഇടവകകളുടെയും മറ്റു സ്ഥാപനങ്ങളുടെയും കണക്കുകളും ഇതര റിക്കാർഡുകളും പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുന്നതിനും, വരവുചെലവു കണക്കും (Receipt & Payment, Income & Expenditure Accounts) ബാലൻസ്ഷീറ്റും വാർഷിക ബഡ്ജറ്റും സമർപ്പിക്കുന്നതിന് ആവശ്യപ്പെടുകയും അവയെ അംഗീകരിക്കുകയും ചെയ്യുന്നതിനും;

ഭദ്രാസനത്തിലുള്ള സഭവകയായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മറ്റു പൊതുസ്ഥാപനകളുടെയും മേലന്വേഷണം നടത്തുന്നതിനും;

ഇടവകയിൽ ആവശ്യാനുസരണം കൂദാശകളും പരസ്യാരാധനയും നടത്തുന്നതിനും;

പട്ടക്കാരിൽനിന്നോ അത്മായരിൽനിന്നോ മറ്റു വ്യക്തികളിൽ നിന്നോ ലഭിക്കുന്ന റിപ്പോർട്ടുകളെയും പരാതികളെയും സംബന്ധിച്ച് വിശദീകരണം ചോദിച്ച് നേരിട്ടോ കമ്മീഷൻ മുഖാന്തരമോ വിചാരണ ചെയ്തു തീരുമാനിക്കുകയും, കുറ്റം സ്ഥാപിതമാകുന്നപക്ഷം കുറ്റക്കാർക്കു അർഹിക്കുന്ന ശിക്ഷ നൽകുകയും, വിശദീകരണം ലഭിക്കുന്നതിന് മുമ്പ് തന്നെ കുറ്റാരോപിതരെ വിചാരണയ്ക്ക് വിധേയമായി സസ്പെൻഡ് ചെയ്യുന്നതിനും;

വികാരിയുടെയോ ഇടവകസംഘത്തിന്റെയോ കമ്മറ്റികളുടെയോ, ഭരണാധികാരികളുടെയോ തീരുമാനങ്ങളിന്മേൽ സമർപ്പിക്കപ്പെടുന്ന അപ്പീലുകൾ വിചാരണ നടത്തി തീരുമാനിക്കുന്നതിനും;

അതത് സമയങ്ങളിൽ നൽകപ്പെടുന്ന മറ്റ് അധികാരങ്ങൾ പ്രയോഗിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്;

ആറുമാസത്തിലൊരിക്കൽ ഭദ്രാസനം സംബന്ധിച്ചു ഒരു റിപ്പോർട്ട് മെത്രാപ്പോലിത്തായ്ക്കു സമർപ്പിക്കേണ്ടതാണ്.

## വകുപ്പ് 12 A

**ദയറായ സമൂഹം, സന്ന്യാസിനി സമൂഹം, ആശ്രമങ്ങൾ:**
സഭാ ശുശ്രൂഷ നിർവ്വഹിക്കുന്നതിനായി സ്വയം സമർപ്പിതരും അവിവാഹിതരുമായ സഭാംഗങ്ങളെ ലിംഗഭേദമെന്യേ സഭ കണ്ടെത്തി പ്രത്യേക പരിശീലനവും കൂട്ടായ്മയും നൽകി ദയറായ സമൂഹത്തെയും സന്ന്യാസിനി സമൂഹത്തെയും ആശ്രമങ്ങളെയും നിലനിർത്തേണ്ടതാണ്. അതത് കാലങ്ങളിൽ എപ്പിസ്കോപ്പൽ സിനഡ്, സഭാ കൗൺസിലിന്റെ ആലോചനയോടെ രൂപീകരിക്കുന്ന ചട്ടങ്ങൾ അനുസരിച്ച് അവ പ്രവർത്തിക്കേണ്ടതുമാണ്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവരുടെ ജീവിത സന്ധാരണത്തിനും പരിരക്ഷയ്ക്കും പ്രവർത്തനത്തിനും ആവശ്യമായ എല്ലാ ക്രമീകരണങ്ങളും സഭ നിർവ്വഹിക്കേണ്ടതാണ്.

## വകുപ്പ് 15

15. പ്രസ്തുത പ്രമേയം അംഗീകരിക്കപ്പെട്ടാൽ എപ്പിസ്കോപ്പാസ്ഥാനത്തേക്ക് യോഗ്യതയുള്ള പട്ടക്കാരുടെ പേരുകൾ നിർദ്ദേശിക്കുന്നതിന്, മെത്രാപ്പോലീത്താ, എപ്പിസ്കോപ്പൽ സിനഡ് നിർദ്ദേശിക്കുന്ന ഒരു എപ്പിസ്കോപ്പാ, സഭാസെക്രട്ടറി, പ്രതിനിധി മണ്ലാംഗങ്ങളിൽ നിന്നും പ്രതിനിധിമണ്ഡലം തെരഞ്ഞെടുക്കുന്ന 22 ഇതര അംഗങ്ങൾ എന്നിവരടങ്ങുന്ന ഒരു എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡിനെ പ്രതിനിധിമണ്ഡലം നിയമിക്കേണ്ടതാണ്. ഈ ബോർഡിൽ മെത്രാപ്പോലീത്തായ്ക്കും നിർദ്ദേശിത എപ്പിസ്കോപ്പായ്ക്കും പുറമേ 9 കശ്ശീശന്മാരും 14 അത്മായരും ഉണ്ടായിരിക്കേണ്ടതാണ്. മെത്രാപ്പോലീത്താ ബോർഡിന്റെ അദ്ധ്യക്ഷനും എപ്പിസ്കോപ്പാ ഉപാദ്ധ്യക്ഷനും സഭാ സെക്രട്ടറി സെക്രട്ടറിയും ആയിരിക്കും. ബോർഡിന്റെ കോറം 13 ആയിരിക്കും.

15 (1). ബോർഡ് അംഗങ്ങളിൽ ആരെങ്കിലും രാജി സമർപ്പിക്കുന്നതുമൂലമോ ആകസ്മികമായോ ഉണ്ടാകുന്ന ഒഴിവുകൾ ബോർഡിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളെ ബാധിക്കുന്നതല്ല.

എന്നാൽ ബോർഡിലെ അംഗങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തണമെന്ന് മെത്രാപ്പോലീത്തായ്ക്ക് ബോധ്യമായാൽ, അതത് സ്ഥാനത്തേക്ക് നടത്തിയ തെരഞ്ഞെടുപ്പിൽ വിജയികളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളവരുടെ തൊട്ടുതാഴെ വോട്ടുകൾ നേടിയവരിൽ കൂടുതൽ വോട്ടുകൾ ലഭിച്ചതിന്റെ മുൻഗണന ക്രമത്തിൽ മെത്രാപ്പോലീത്തായ്ക്ക് നിയമിക്കാവുന്നതാണ്.

15 (2). ബോർഡിന്റെ പ്രവർത്തനത്തിന് ആവശ്യമായ നടപടിക്രമങ്ങൾ (Rules of Procedure) സംബന്ധിച്ച് ചട്ടങ്ങൾ അതാത് ബോർഡ് തയ്യാറാക്കേണ്ടതാണ്.

## വകുപ്പ് 16

**16.** എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെടുന്ന പട്ടക്കാരനു താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

**16.a.** ഉത്തമ സ്വഭാവം, നല്ല നടത്ത, പഥ്യോപദേശം, വിശ്വാസസ്ഥിരത, ദൈവഭക്തി, പക്വബുദ്ധി, കാര്യപ്രാപ്തി എന്നിവകൊണ്ട് പൊതുസമ്മതം ലഭിച്ചിരിക്കുക

**16 (1).** നിർദ്ദേശിക്കപ്പെടുന്ന പട്ടക്കാരൻ പതിനേഴാം വകുപ്പ് അനുസരിച്ച് എപ്പിസ്കോപ്പാസ്ഥാനത്തേക്കു യോഗ്യതയുള്ളവരുടെ പേരുകൾ അറിയിക്കുന്നതിനു മെത്രാപ്പോലീത്താ ഇടവകകൾക്കു അയയ്ക്കുന്ന കല്പനയിൽ അനുശാസിക്കുന്ന അവസാന തീയതിക്കോ, അതിനു മുമ്പോ 40 വയസ്സും, 15 വർഷത്തെ പട്ടത്ത സേവനവും പൂർത്തിയായിരിക്കേണ്ടതും സജീവ സേവനത്തിൽ ഉള്ള ആളും ആയിരിക്കേണ്ടതാണ്.

**16 (2).** എപ്പിസ്കോപ്പാ വിവാഹിതനായിരിക്കാമെന്നു വേദപുസ്തകത്തിൽ അനുവദിച്ചിട്ടുണ്ടെങ്കിലും, മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ എപ്പിസ്കോപ്പാമാർ അവിവാഹിതരായിരിക്കുന്ന പുരാതനമായ കീഴ്നടപ്പ് പാലിച്ചുകൊണ്ടുപോകുന്നത് ആവശ്യമുള്ളതിനാൽ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെടുന്നവർ അവിവാഹിതരായിരിക്കേണ്ടതാണ്.

## വകുപ്പ് 17

എപ്പിസ്കോപ്പാ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് ദൈവ ഇഷ്ടപ്രകാരം നടത്തപ്പെടുന്നതിനുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ കഴിക്കണമെന്നും പ്രസ്തുത സ്ഥാനത്തേക്കു യോഗ്യതയുള്ളവരുടെ പേരുകൾ നിശ്ചിത സമയത്തിനകം നിർദ്ദിഷ്ട ഫോറത്തിൽ (A9) സഭാ സെക്രട്ടറിയെ അറിയിക്കുന്നതിന് സഭാംഗ ങ്ങൾക്കു സ്വാതന്ത്ര്യമുണ്ടെന്നും കാണിക്കുന്ന ഒരു കല്പന എല്ലാ ഇടവകകൾക്കും മെത്രാപ്പോലീത്താ അയയ്ക്കേണ്ടതും അതിന്റെ ഒരു ശരിപ്പകർപ്പ് സഭാതാരകയിലും കൗൺസിൽ നിശ്ചയിക്കുന്ന ഇതര പ്രസി ദ്ധീകരണങ്ങളിലും പരസ്യപ്പെടുത്തേണ്ടതുമാകുന്നു.

## വകുപ്പ് 19

ബോർഡ് എത്രയും വേഗത്തിൽ യോഗം കൂടി ആ ലിസ്റ്റിലെ പേരുകൾ 16-ാം വകുപ്പിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾ പര്യാലോചിച്ച ശേഷം പ്രതിനിധിമണ്ഡലത്തിൽ സമർപ്പിക്കുന്നതിനു യോഗ്യതയുള്ള പേരോ പേരുകളോ മാത്രം തെരഞ്ഞെടുത്ത് ഒരു ലിസ്റ്റ് തയ്യാറാക്കി സഭാ കൗൺസിലിന് അയച്ചുകൊടുക്കേണ്ട താണ്.

## വകുപ്പ് 20

ആ ലിസ്റ്റ് ഉടൻ ഇടവകകളിൽ പരസ്യപ്പെടുത്തണമെന്നും അതിൽപ്പെട്ട പേരുകാരിൽ ആരെക്കുറിച്ചെങ്കിലും സഭാംഗങ്ങളിൽ ആർക്കെങ്കിലും ന്യായമായ വല്ല ആക്ഷേപവുമുണ്ടെങ്കിൽ ഒരു ക്ലിപ്ത തീയതിക്കകം ബോർഡ് സെക്രട്ടറിയെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ആക്ഷേപം കേട്ടു തീരുമാനിക്കുന്നതി നായി നിശ്ചിത സ്ഥലത്തും തീയതിക്കും സമയത്തും ബോർഡ് കൂടുന്നതാണെന്നും അതിന്റെ മുമ്പാകെ ഹാജരായി തെളിവു കൊടുക്കുന്നതിനു ആക്ഷേപകനും സ്വാതന്ത്ര്യമുണ്ടെന്നും ക്ലിപ്ത തീയതി കഴിഞ്ഞു വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കപ്പെടുന്നതല്ലെന്നും കാണിച്ച് മെത്രാപ്പോലീത്താ ഒരു കല്പന എല്ലാ ഇടവകകൾക്കും അയച്ചുകൊടുക്കേണ്ടതാണ്. ആക്ഷേപം ബോധിപ്പിക്കുന്നതിനു ക്ലിപ്തപ്പെടുത്തിയ തീയ തിയും ആക്ഷേപം കേൾക്കുന്നതിനു ബോർഡ് കൂടുന്നതിനുള്ള തീയതിയും തമ്മിൽ ഏഴു ദിവസത്തിൽ കുറയാതെ ഇടവേളയുണ്ടായിരിക്കേണ്ടതാണ്. നിശ്ചിത സ്ഥലത്തും സമയത്തും ബോർഡ് യോഗം കൂടി ആക്ഷേപങ്ങളെപ്പറ്റി രഹസ്യമായി (In Camera) തെളിവെടുത്തു തള്ളേണ്ടവയെ തള്ളിയും അല്ലാത്തവയെ സ്വീകരിച്ചും ഈ നിബന്ധനകളനുസരിച്ചും സർവ്വഥാ യോഗ്യന്മാരെന്നു ബോർഡ് തീരുമാനിക്കുന്നവരുടെ പേരുകൾ മാത്രം ചേർത്ത് ഒരു ലിസ്റ്റ് തയ്യാറാക്കി സഭാ കൗൺസിലിന് അയച്ചുകൊടുക്കേണ്ടതാണ്. അതോടുകൂടി ബോർഡിന്റെ പ്രവർത്തനം അവസാനിക്കുന്നതുമാണ്.

## വകുപ്പ് 21

തദനന്തരം തെരഞ്ഞെടുപ്പു നടത്തുവാനായി സഭാപ്രതിനിധിമണ്ഡലത്തിന്റെ ഒരു വിശേഷാൽ യോഗം കൂടുന്ന സ്ഥലം, തീയതി, സമയം എന്നിവ സഭാകൗൺസിൽ നിശ്ചയിക്കേണ്ടതും ആ വിവരങ്ങളും നിർദ്ദേ ശിത പേരുകളും കാണിച്ച് ഒരു നോട്ടീസ് തെരഞ്ഞെടുപ്പ് തീയതിക്ക് രണ്ടു മാസം മുമ്പ് സഭാ സെക്രട്ടറി എല്ലാ ഇടവകകൾക്കും പ്രതിനിധിമണ്ഡലാംഗങ്ങൾക്കും അയച്ചുകൊടുക്കേണ്ടതുമാകുന്നു.

## വകുപ്പ് 25

പ്രസ്തുതയോഗത്തിന്റെ അദ്ധ്യക്ഷൻ മെത്രാപ്പോലീത്താ ആയിരിക്കും. മെത്രാപ്പോലീത്താ ഒരു എപ്പി സ്കോപ്പായെ വരണാധികാരിയായി (Returning Officer) നിയമിക്കേണ്ടതാണ്. ആവശ്യാനുസരണം സഹവരണാധികാരികളെയും നിയമിക്കാവുന്നതാണ്. വരണാധികാരി, നിർദ്ദേശിതരല്ലാത്ത പട്ടക്കാരെയും അത്മായരെയും ആവശ്യാനുസരണം പോളിംഗ് ഓഫീസർമാരായി നിയമിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് സംബന്ധിച്ച് വരണാധികാരിയുടെ ഏതെങ്കിലും തീരുമാനത്തിനുമേൽ ആക്ഷേപമുണ്ടായിരുന്നാൽ ആയത് രേഖാമൂലം മെത്രാപ്പോലീത്താക്ക് സമർപ്പിക്കേണ്ടതും അതിൻമേൽ മെത്രാപ്പോലീത്തായുടെ തീരുമാനം അന്തിമവുമായിരിക്കും.

## വകുപ്പ് 26

സഭാമണ്ഡലത്തിൽ പ്രതിനിധിമണ്ഡലാംഗങ്ങൾ അല്ലാതെ മറ്റാരും ഹാജരില്ലെന്നു തിട്ടപ്പെടുത്തിയശേഷം വരണാധികാരിയുടെ നിർദ്ദേശാനുസരണം സഭാസെക്രട്ടറി, രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ ലിസ്റ്റും തെരഞ്ഞെടുപ്പ് സാമഗ്രികളും പൂട്ടിയ ബാലറ്റ് പെട്ടിയും രേഖാമൂലം പോളിംഗ് ഓഫീസറെ ഏൽപിക്കേ ണ്ടതാണ്. മണ്ഡലയോഗത്തിൽ വെച്ച് ബാലറ്റ് പെട്ടികൾ തുറന്ന് കാണിച്ചതിനു ശേഷം പൂട്ടി താക്കോൽ വരണാധികാരി സൂക്ഷിക്കേണ്ടതുമാണ്.

## വകുപ്പ് 27

അതിന് ശേഷം താഴെ കൊടുത്തിരിക്കുന്ന പ്രതിജ്ഞാവാചകം അദ്ധ്യക്ഷൻ ചൊല്ലിക്കൊടുക്കുകയും അംഗങ്ങൾ എല്ലാവരും, എഴുന്നേറ്റു നിന്നു ഭയഭക്തിപൂർവ്വം ഏറ്റു ചൊല്ലുകയും വേണം.

"എപ്പിസ്കോപ്പാ സ്ഥാനം അതിപാവനമായിട്ടുള്ളതാണെന്നും ആ സ്ഥാനത്തു യോഗ്യനായ ആൾ പ്രവേശിക്കേണ്ടത് അത്യാവശ്യമാണെന്നും ഓർത്തുകൊണ്ട്, അതിലേക്കുള്ള ഈ തിരഞ്ഞെടുപ്പിൽ പക്ഷപാതിത്വമോ മുഖപക്ഷമോ സ്വാർത്ഥമോ പ്രമാണിച്ചു ഞാൻ വോട്ടുചെയ്യുകയില്ലെന്നും ദൈവനാമമഹത്വവും തിരുസഭയുടെ പ്രയോജനവും ദൈവജനങ്ങളുടെ നന്മയും മുൻനിർത്തിക്കൊണ്ട് വിശുദ്ധസ്ഥാനത്തേക്ക് ഉത്തമ സ്വഭാവം, നല്ല നടത്ത, പഥ്യോപദേശം ഇത്യാദി വിശിഷ്ട ഗുണങ്ങൾക്കൊണ്ടു യോഗ്യനെന്ന് എന്റെ മനസ്സാക്ഷിപ്രകാരം പൂർണ്ണ വിശ്വാസമുള്ള ആളിനുവേണ്ടി മാത്രമേ ഞാൻ വോട്ടുചെയ്യുകയുള്ളു എന്നും ദൈവമുമ്പാകെയും ഈ സഭയുടെ മുമ്പാകെയും ഞാൻ പ്രതിജ്ഞചെയ്യുന്നു."

## വകുപ്പ് 29

പ്രതിജ്ഞയെ തുടർന്ന് നിർദ്ദേശിതരുടെ പേരുകൾ ഉറക്കെ വായിക്കുകയും കൗൺസിലിനാൽ നിശ്ചയിക്കപ്പെടുന്ന ഫാറത്തിലും രീതിയിലും അച്ചടിച്ചിട്ടുള്ളതും സഭയുടെ മുദ്ര പതിപ്പിച്ചിട്ടുള്ളതുമായ ബാലറ്റുപേപ്പറുകളും അവയുടെ കൗണ്ടർ ഫോയിലുകളും അടങ്ങിയ ബാലറ്റ് ബുക്ക് പോളിംഗ് ഓഫീസറന്മാരെ ഏല്പിക്കേണ്ടതുമാണ്.

## വകുപ്പ് 30

മണ്ഡലാംഗങ്ങൾ ഓരോരുത്തരായി പോളിംഗ് ഓഫീസറെ സമീപിച്ച് ഹാജർലിസ്റ്റിൽ ഒപ്പോ വിരലടയാളമോ രേഖപ്പെടുത്തിയതിനുശേഷം പോളിംഗ് ഓഫീസറുടെ ഒപ്പ് രേഖപ്പെടുത്തിയ നിശ്ചിത ബാലറ്റുപേപ്പർ വാങ്ങി ഇതിലേക്ക് പ്രത്യേകം അടവുചെയ്തിട്ടുള്ള മുറിയിൽ (Polling Booth) പ്രവേശിച്ച് താൻ വോട്ടുചെയ്യാൻ ഉദ്ദേശിക്കുന്ന പേരിനോ പേരുകൾക്കോ എതിരെ കുരിശടയാളം (✠) പതിച്ച്, അവിടെ പൂട്ടി മുദ്ര വച്ചിരിക്കുന്ന, വൈദികന്മാർക്കുള്ള പെട്ടിയിൽ വൈദികരും, അത്മായർക്കുള്ള പെട്ടിയിൽ അത്മായരും, നിക്ഷേപിച്ച് തിരികെപോരേണ്ടതാണ്. സ്വയമായി വോട്ടു രേഖപ്പെടുത്തുവാൻ കഴിവില്ലാത്ത സമ്മതിദായകർ ആവശ്യപ്പെടുന്നപക്ഷം, ബാലറ്റ് പേപ്പറിൽ വോട്ടുരേഖപ്പെടുത്തികൊടുക്കുവാൻ പോളിംഗ് ഓഫീസർക്ക് അനുവാദം ഉണ്ടായിരിക്കുന്നതാണ്.

## വകുപ്പ് 31

സഭയുടെ മുദ്രയും പോളിംഗ് ഓഫീസറുടെ ഒപ്പും ഇല്ലാത്തതോ കുരിശടയാളം ശരിയായ വിധത്തിൽ പതിയാത്തതോ ആവശ്യത്തിലധികം പേരിനുനേരെ കുരിശടയാളം പതിച്ചതോ നിർദ്ദേശിതരല്ലാത്തവരുടെ പേരെഴുതി വോട്ടു ചെയ്തിട്ടുള്ളതോ സമ്മതിദായകനെ വെളിപ്പെടുത്തുന്ന ഏതെങ്കിലും ലക്ഷ്യങ്ങൾ ഉള്ളതോ ആയ ബാലറ്റുപേപ്പറുകളിലെ വോട്ടുകൾ അസാധുവായിരിക്കുന്നതാണ്.

## വകുപ്പ് 32

ക്ലിപ്ത ദിവസം പകൽസമയം വരണാധികാരിയുടെ മേൽനോട്ടത്തിൽ വോട്ടിംഗ് നടത്തുകയും ബാലറ്റ് പെട്ടികൾ തുറന്നു വോട്ടുകൾ എണ്ണിത്തിട്ടപ്പെടുത്തുകയും, ഫലം കൗൺസിലിനാൽ നിശ്ചയിക്കപ്പെടുന്ന ഫാറത്തിലും രീതിയിലും രേഖപ്പെടുത്തി അദ്ധ്യക്ഷൻ പ്രഖ്യാപിക്കുകയും ചെയ്യേണ്ടതാണ്. അന്നേ ദിവസം തെരഞ്ഞെടുപ്പ് ജോലികൾ പൂർത്തിയാകാതെ വന്നാൽ അടുത്ത ദിവസത്തേക്ക് മാറ്റിവച്ചു നടത്തുന്നതിന് അദ്ധ്യക്ഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## വകുപ്പ് 33

ആകെ പോൾ ചെയ്ത വോട്ടുകളിൽ വൈദികരുടെയും അത്മായരുടെയും പ്രത്യേകം പ്രത്യേകം 75 ശതമാനത്തിൽ കുറയാതെ വോട്ടുകൾ ലഭിക്കുന്ന ആളുകൾ മാത്രം എപ്പിസ്കോപ്പാ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെടുന്നതും, അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടതായി അദ്ധ്യക്ഷൻ പ്രഖ്യാപിക്കേണ്ടതുമാണ്.

നിർദ്ദേശിതർ ആവശ്യത്തിലധികം ഉണ്ടായിരുന്നാൽ അവരുടെ പേരുകൾ എല്ലാം ആദ്യം വോട്ടിനിടുകയും, വൈദികരുടേയും അത്മായരുടെയും വേറെവേറെയുള്ള വോട്ടുകളിൽ ഓരോ കൂട്ടരുടെയും ഏറ്റവും കുറഞ്ഞ വോട്ടുകൾ കിട്ടിയ ഓരോ പേരുവീതം തള്ളി, ശേഷിച്ച പേരുകൾ എടുത്ത് ഒരുമിച്ചുചേർത്തു വോട്ടിനിടുകയും, അപ്രകാരം ഓരോ പേരുവീതം തള്ളി ആവർത്തിച്ചാവർത്തിച്ച് ആവശ്യമുള്ളിടത്തോളം പേരുകൾ മാത്രം ശേഷിക്കുന്നതുവരെ വോട്ടിനിട്ടെടുക്കുകയും ചെയ്യേണ്ടതാകുന്നു. എന്നാൽ ആവശ്യമുള്ളതിൽ കൂടുതലായി ഒരു പേരു മാത്രം ഉണ്ടായിരിക്കുകയോ, ശേഷിക്കുകയോ ചെയ്താൽ വൈദികരുടെയും അത്മായരുടെയും കൂടി ആകെ ലഭിച്ച വോട്ടുകളിൽ ഏറ്റവും കുറഞ്ഞ വോട്ടുകൾ കിട്ടിയ ഒരു പേരുമാത്രം തള്ളേണ്ടതാകുന്നു.

മുൻ പ്രസ്താവിച്ച പ്രകാരം ആവശ്യമുള്ളിടത്തോളം പേരുകൾ മാത്രം അവശേഷിക്കുമ്പോൾ ആ പേരുകൾ വീണ്ടും വോട്ടിനിടേണ്ടതും, അവർക്കു ആകെ പോൾ ചെയ്ത വോട്ടുകളിൽ വൈദികരുടെയും അത്മായരുടെയും പ്രത്യേകം പ്രത്യേകം വോട്ടുകളുടെ 75 ശതമാനത്തിൽ കുറയാതെ വോട്ടുകൾ ലഭിക്കുന്ന പക്ഷം അവർ തെരഞ്ഞെടുക്കപ്പെട്ടതായി അദ്ധ്യക്ഷൻ പ്രഖ്യാപിക്കേണ്ടതുമാണ്.

മുകളിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ ഒന്നോ അതിലധികമോ പേർക്കു ആകെ പോൾ ചെയ്ത വോട്ടുകളിൽ വൈദികരുടെയും അത്മായരുടെയും പ്രത്യേകം പ്രത്യേകം വോട്ടുകളുടെ 75 ശതമാനത്തിൽ കുറയാതെ വോട്ടുകൾ ലഭിക്കുന്ന പക്ഷം അവരെ തെരഞ്ഞെടുത്തതായി അദ്ധ്യക്ഷൻ പ്രഖ്യാപിക്കേണ്ടതും ശേഷിക്കുന്ന സ്ഥാനങ്ങളിലേക്കു മാത്രം മുൻപറഞ്ഞ നടപടിക്രമം തുടരേണ്ടതുമാകുന്നു.

ആവശ്യമെന്നുകണ്ടാൽ യോഗം അടുത്തദിവസത്തേക്കു മാറ്റിവച്ച് മുൻപറഞ്ഞ തെരഞ്ഞെടുപ്പ് നടപടികൾ തുടരാവുന്നതാണ്.

ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചിട്ടുള്ള ആകെ ബാലറ്റു പേപ്പറുകളുടെ അടിസ്ഥാനത്തിലാണ് നിശ്ചിത ശതമാനം കണക്കാക്കേണ്ടത്.

### വകുപ്പ് 34

നിർദ്ദേശിതർക്ക് ആർക്കെങ്കിലും നിശ്ചിത ശതമാനം വോട്ടുകൾ ലഭിക്കാത്തപക്ഷം അദ്ധ്യക്ഷൻ യോഗം അടുത്ത ദിവസത്തേക്കു മാറ്റിവയ്ക്കേണ്ടതും തുടർന്നു ശേഷിക്കുന്ന സ്ഥാനങ്ങളിലേക്കു ഒരു പ്രാവശ്യം കൂടി വോട്ടെടുപ്പ് നടത്തേണ്ടതും അങ്ങനെ നടത്തപ്പെടുന്ന വോട്ടെടുപ്പിലും ആവശ്യമുള്ളിടത്തോളം പേർക്കു നിശ്ചിത ശതമാനം വോട്ടുകൾ ലഭിക്കാതിരുന്നാൽ നിശ്ചിത ശതമാനം വോട്ടുകൾ ലഭിച്ചയാളുകൾ മാത്രം തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചുകൊണ്ട് അദ്ധ്യക്ഷൻ യോഗം പിരിച്ചു വിടേണ്ടതുമാണ്.

### വകുപ്പ് 35

വോട്ടിംഗ് അവസാനിക്കുമ്പോൾ വരണാധികാരിയുടെ സാന്നിദ്ധ്യത്തിൽ ബാലറ്റുപെട്ടികൾ തുറക്കേണ്ടതും വോട്ടുകൾ എണ്ണുന്നതിന്റെ മേൽനോട്ടം അദ്ദേഹം നേരിട്ടു വഹിക്കേണ്ടതും വോട്ടിംഗ് ഫലം കൃത്യമായി രേഖപ്പെടുത്തുന്നതിന്റെ ചുമതല വഹിക്കേണ്ടതുമാകുന്നു.

വരണാധികാരിയും എണ്ണുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ചേർന്ന് വോട്ടുകൾ പരിശോധിക്കയും അസാധുവായുള്ളവ തള്ളുകയും ഓരോ നിർദ്ദേശിതനും ലഭിച്ച വോട്ടുകളുടെ എണ്ണം രേഖപ്പെടുത്തേണ്ടതുമാകുന്നു.

### വകുപ്പ് 36

തെരഞ്ഞെടുക്കപ്പെട്ട പട്ടക്കാരൻ താഴെവരുന്ന ഫാറത്തിലും വാചകത്തിലും ഒരു സമ്മതപത്രവും വിശ്വസ്തതാ പ്രതിജ്ഞയും, മെത്രാപ്പോലീത്താ മുമ്പാകെയോ അദ്ദേഹം നിയോഗിക്കുന്ന മേൽപ്പട്ടക്കാരന്റെ മുമ്പാകെയോ സ്ഥാനാഭിഷേക ശുശ്രൂഷ ആരംഭിക്കുന്നതിന് മുമ്പ് ചെയ്ത് തന്റെ സമ്മതം രേഖപ്പെടുത്തേണ്ടതും സ്ഥാനാഭിഷേക ശുശ്രൂഷാ മദ്ധ്യേ പരസ്യമായി വായിച്ച് മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതുമാകുന്നു.

**സമ്മതപത്രവും വിശ്വസ്തതാ പ്രതിജ്ഞയും**

പിതാവും പുത്രനും റൂഹാദ്കുദിശായും ആയ ത്രിയേക ദൈവത്തിന്റെ നാമത്തിൽ തന്നെ – ആമേൻ.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന..................... ആയ ഞാൻ ഉത്തമ വിശ്വാസത്തിലും എന്റെ സ്വതന്ത്ര ഹിതപ്രകാരവും സമ്മതത്തോടുകൂടിയും, സഭയുടെ തെരഞ്ഞെടുപ്പിനെ പരിപാവനമായ എപ്പിസ്കോപ്പൽ സ്ഥാനത്തേക്കുള്ള ദൈവവിളിയായി സ്വീകരിക്കയും, പ്രസ്തുത സഭയുടെ എപ്പിസ്കോപ്പായായി പട്ടംകെട്ടപ്പെടുന്നതിനും അഭിഷേകം ചെയ്യപ്പെടുന്നതിനും വിനയപുരസ്സരം സമ്മതിക്കയും പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിലും മലങ്കര മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളുന്ന.............. എന്ന നാമമുള്ള മെത്രാപ്പോലീത്താ തിരുമനസ്സിലെ മഹനീയ സാന്നിദ്ധ്യത്തിൽ (തിരുമനസ്സുകൊണ്ട് കല്പിച്ചു നിയമിച്ചിരിക്കുന്ന ഈ യോഗത്തിൽ) ഞാൻ ആത്മാർത്ഥമായും ഭയഭക്തിപൂർവ്വവും വാഗ്ദാനം ചെയ്കയും ഉറപ്പിച്ചു പറകയും ചെയ്തുകൊള്ളുന്നു.

കാനോനികമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന പഴയ പുതിയ നിയമങ്ങളിലെ 66 പുസ്തകങ്ങളിൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കാവശ്യമായ എല്ലാ സത്യവിശ്വാസവും, ഉപദേശങ്ങളും അടങ്ങിയിരിക്കുന്നതായി ഞാൻ വിശ്വസിക്കുകയും പ്രഖ്യാപനം ചെയ്യുകയും ചെയ്യുന്നു. അവയിലുള്ള ദൈവവചനത്തിനു വിരുദ്ധമായതോ അനുയോജ്യമല്ലാത്തതോ ആയ യാതൊരു ഉപദേശമോ ആചാരമോ ഞാൻ പഠിപ്പിക്കയോ അനുകൂലിക്കയോ ചെയ്യുന്നതല്ല.

ഈ സഭയുടെ എല്ലാ ഉപദേശങ്ങളും വിശ്വാസപ്രമാണങ്ങളും ഞാൻ ഏറ്റുപറയുകയും, എല്ലാ നിബന്ധനകൾക്കും നടപടികൾക്കും ഭരണഘടനയ്ക്കും വിധേയനായിരുന്നുകൊള്ളാമെന്നു സമ്മതിക്കുകയും സഭയുടെ യഥാവിധി സംഘടിതമായ സഭാ പ്രതിനിധിമണ്ഡലത്തിന്റെ നിയമാനുസരണമായ എല്ലാ

തീരുമാനങ്ങളും നിശ്ചയങ്ങളും അനുസരിക്കുകയും തദനുസരണം നടന്നുകൊള്ളുകയും ചെയ്യാമെന്നു പരിപൂർണ്ണമായി സമ്മതിക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ വിശ്വാസവും കർത്താവ് തിരുസഭയെ ഭരമേല്പിച്ചതായി നമ്മുടെ സഭ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്തിരിക്കുന്ന പ്രകാരമുള്ള ഉപദേശങ്ങളും ശിക്ഷാക്രമവും ഞാൻ പഠിപ്പിക്കുകയും പരിപാലിക്കുകയും ചെയ്തുകൊള്ളാമെന്നു വാഗ്ദത്തം ചെയ്യുന്നു. കൂടാതെ ഈ സഭയുടെ ഭരണഘടന ഞാൻ അംഗീകരിക്കുന്നുവെന്നു പ്രഖ്യാപനം ചെയ്യുകയും ഈ സഭയുടെ അംഗീകൃതമായ ചട്ടകെട്ടുകളും ആചാര നടപടികളും ഇപ്പോൾ നടപ്പിലിരിക്കുന്ന പ്രകാരവും അഥവാ എന്റെ എപ്പിസ്കോപ്പൽ ഭരണകാലത്തു അവയിൽ ഏതെങ്കിലും ഭേദഗതികൾ ന്യായമായ അധികാരത്തിൽ നിന്നു വരുത്താനിടയാകുന്ന പക്ഷം അപ്രകാരവും അനുസരിച്ചും കീഴ്പ്പെട്ടും നടന്നുകൊള്ളാമെന്നു വാഗ്ദത്തം ചെയ്യുകയും ചെയ്തുകൊള്ളുന്നു.

എന്റെ സ്ഥാനമാനങ്ങൾ നിമിത്തം എനിക്കു സിദ്ധിക്കാവുന്ന ശക്തിയോ അധികാരമോ സ്വാധീനമോ ഞാൻ ഒരിക്കലും സഭയ്ക്കോ അതിന്റെ അപ്പൊസ്തോലിക പിൻതുടർച്ചയ്ക്കോ സ്വയംഭരണ സ്വാതന്ത്ര്യത്തിനോ കേടോ ബലഹീനതയോ ഉണ്ടാകത്തക്കവിധത്തിൽ ഉപയോഗിക്കുന്നതല്ല എന്നു തന്നെയല്ല, സഭയുടെ ഭരണഘടനാ നിബന്ധനകൾ അനുസരിച്ചല്ലാതെ, ഞാൻ സഭയുടെ വകയോ, ട്രസ്റ്റ് എന്ന നിലയിൽ സഭയുടെ അധീനത്തിൽ ഇരിക്കുന്നവയോ ആയ യാതൊരു വസ്തുക്കളും വിൽക്കുകയോ ബാദ്ധ്യതപ്പെടുത്തുകയോ ദാനം ചെയ്തു കളയുകയോ സഭയ്ക്കുള്ളതും ഉണ്ടായേക്കാവുന്നതുമായ അവകാശങ്ങൾക്കോ ഇളക്കം തട്ടുന്നവിധത്തിൽ യാതൊന്നും പ്രവർത്തിക്കുകയോ ചെയ്യുന്നതല്ല.

ഈ സ്ഥാനം ഏറ്റ ശേഷം പൂർവ്വികസ്വത്ത് ഒഴികെ എന്റെ പേരിലുള്ളതും ഉണ്ടായേക്കാവുന്നതുമായ എല്ലാ സ്ഥാവരജംഗമവസ്തുക്കളും, സ്വത്തുക്കളും, ബാങ്ക് ഡിപ്പോസിറ്റുകളും, നിക്ഷേപങ്ങളും, ഈ സ്ഥാനം ഏറ്റശേഷം പൂർവ്വികസ്വത്തൊഴികെ എനിക്കുകൂടി അവകാശം ലഭിക്കുന്ന സകല സ്വത്തുക്കളും നിക്ഷേപങ്ങളും മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്ക് അവകാശപ്പെട്ടിരിക്കുന്നതാണ്.

ഞാൻ ഈ നാഴിക മുതൽ എന്നേക്കും ഈ സഭയോടും അതിന്റെ ന്യായമായി നിയമിക്കപ്പെട്ട മെത്രാപ്പോലീത്താ തിരുമേനിയോടും അധികാരത്തോടും വിശ്വസ്തതയും ഭക്തിയും അനുസരണവും ഉള്ളവനായിരിക്കും. ഈ സഭയുടെ അവകാശങ്ങളും പദവികളും അധികാരങ്ങളും ഭരണഘടനയും അഭംഗമായി പരിപാലിക്കുന്നതിനും നിലനിർത്തുന്നതിനും അതിന്റെ സർവതോന്മുഖമായ അഭിവൃദ്ധിയും വളർച്ചയും പ്രോത്സാഹിപ്പിക്കുകയും പുരോഗമിപ്പിക്കുകയും ചെയ്യുന്നതിനും സുവിശേഷപ്രചരണത്തിനും ദൈവരാജ്യവർദ്ധനവിനും വേണ്ടി ദൈവം എനിക്കു നൽകിയിരിക്കുന്ന സർവ്വപ്രാപ്തിക്കും വിവേചന ശക്തിക്കും അനുസരണമായി എന്റെ പരിപാവനമായ സ്ഥാനത്തിനടുത്ത കർത്തവ്യങ്ങളെ വിശ്വസ്തതയോടും പരമാർത്ഥതയോടും കൂടി നിർവ്വഹിക്കുന്നതിനും ഞാൻ സർവ്വഥാ ആത്മാർത്ഥമായും ഹൃദയപൂർവ്വമായും പരിശ്രമിക്കുന്നതായിരിക്കും. എന്നാൽ ആവുന്ന സർവ്വശക്തികളും ഉപയോഗിച്ച് സഭയുടെ ഉപദേശങ്ങൾ, ആരാധന, ശിക്ഷാക്രമം, ഭരണസമ്പ്രദായം എന്നിവയെ അനുകൂലിച്ചും സർവ്വവിധമായ എടത്തൂടുകൾക്കും ശീശ്മകൾക്കും എന്നുമാത്രമല്ല, പഥ്യോപദേശങ്ങൾക്കും ദൈവഭക്തിയുടെ ശക്തിക്കും വിരുദ്ധമായി കാണപ്പെടുന്ന സകലത്തിനും എതിരായി ഞാൻ സഭയെ സംരക്ഷിക്കുകയും, പിൻതാങ്ങുകയും ചെയ്തുകൊള്ളാമെന്നു ഭയ ഭക്തിപൂർവ്വം പ്രതിജ്ഞ ചെയ്യുന്നു.

സഭയുടെയോ ബന്ധപ്പെട്ട ഭദ്രാസനത്തിന്റെയോ സ്ഥാപനങ്ങളുടെയോ വ്യവസ്ഥാപിത തീരുമാനങ്ങൾ ഇല്ലാതെ സൊസൈറ്റി, ട്രസ്റ്റ് എന്നിവയ്ക്ക് ഞാൻ രൂപം കൊടുക്കുകയോ ആവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുയോ ചെയ്യുന്നതല്ല.

ഈ സഭയുടെ നിബന്ധനകൾക്കോ തത്വങ്ങൾക്കോ നിയമങ്ങൾക്കോ ഭരണഘടനയ്ക്കോ എന്റെ ഈ പ്രതിജ്ഞയ്ക്കോ എതിരായി ഞാൻ എപ്പോഴെങ്കിലും വർത്തിക്കുന്നതിന് ഇടയാകുന്ന പക്ഷം, അപ്പോൾ ഈ സഭയിൽ എനിക്കുള്ള സഭാ സംബന്ധവും ഭൗതികവുമായ അധികാരങ്ങൾ, പദവികൾ, കർത്തവ്യങ്ങൾ എന്നിവയിൽ നിന്നെല്ലാം ദൈവദൃഷ്ടിയിലും ഈ വിശുദ്ധ സഭയുടെ മുമ്പാകെയും ഞാൻ നീക്കം ചെയ്യപ്പെട്ടവനായിതീരുന്നതാണ്.

സത്യപ്രതിജ്ഞാലംഘനം ഉണ്ടായാൽ സഭാ ഭരണഘടനയുടെ 70 B വകുപ്പുപ്രകാരം സ്വീകരിക്കുന്ന നടപടികൾക്ക് ഞാൻ വിധേയപ്പെടുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ മുമ്പാകെ ഞാൻ ഈ കരാർ ചെയ്യുന്നു. അത് എന്റെ ആയുഷ്ക്കാലം മുഴുവൻ ദൃഢമായി പരിപാലിക്കുമെന്നും ഒന്നാകെയും ഭാഗികമായും നിർവ്വഹിക്കുമെന്നും വാഗ്ദത്തം ചെയ്തുകൊള്ളുന്നു. അതിനു ദൈവം എന്നെ സഹായിക്കുമാറാകട്ടെ.

മേൽ പ്രസ്താവിച്ച............. ഞാൻ എന്റെ സ്വന്ത കൈപ്പടയിൽ എഴുതി ഒപ്പു വച്ചിരിക്കുന്നു.

തീയതി: സ്ഥലം: (ഒപ്പ്)

സാക്ഷികൾ

1........................................................................ (ഒപ്പ്)

2.......................................................................... (ഒപ്പ്)

ക്രിസ്താബ്ദം................ മാസം ............... തീയതി ഇതിൽ ഒപ്പുവെച്ചിരിക്കുന്നു. മേൽപറഞ്ഞ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ മെത്രാപ്പോലീത്താ തിരുമനസ്സിലെ ..................... (ഈ യോഗത്തിന്റെ) മുമ്പാകെവച്ചു ഉറപ്പിച്ചു പറയുകയും ഒപ്പു വയ്ക്കുകയും ചെയ്തിരിക്കുന്നു.

മെത്രാപ്പോലീത്താ/യോഗം പ്രസിഡന്റ് (ഒപ്പ്)

## വകുപ്പ് 70 B

സഭയിലെ മേൽപ്പട്ടക്കാർ ചുമതലയേൽക്കുമ്പോൾ എഴുതി സമർപ്പിക്കുന്ന സമ്മതപത്രത്തിനും വിശ്വസ്തതാ പ്രതിജ്ഞയ്ക്കും, സഭയിലെ പട്ടക്കാർ ചുമതലയേൽക്കുമ്പോൾ എഴുതി സമർപ്പിക്കുന്ന സത്യവാചകത്തിനു വിപരീതമായി പ്രവർത്തിക്കുന്നത് സംബന്ധിച്ചോ, പട്ടക്കാരെ സംബന്ധിച്ചു ലഭിക്കുന്ന മറ്റേതെങ്കിലും പരാതികൾ സംബന്ധിച്ചോ ഒരു അന്വേഷണ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, എപ്പിസ്കോപ്പൽ സിനഡിന്റെ ആലോചനയോടുകൂടി ആവശ്യമെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് മെത്രാപ്പോലീത്തായ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതും മെത്രാപ്പോലീത്തായുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ ഇവ കൂടാതെ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതിന് മെത്രാപ്പോലീത്തായ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത തീരുമാനം സഭാ കൗൺസിലിലും സഭാ പ്രതിനിധി മണ്ഡലത്തിലും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ശിക്ഷണ നടപടികൾക്ക് വിധേയനാകുന്ന എപ്പിസ്കോപ്പാ നിർവ്വഹിച്ചിരുന്ന ചുമതലകൾ എപ്പിസ്കോപ്പൽ സിനഡിന്റെ ആലോചനയോടെ, തുടർന്നുള്ള ഭരണസംവിധാനം ഏർപ്പെടുത്തുന്നതുവരെ മെത്രാപ്പോലീത്തായ്ക്ക് ഏറ്റെടുക്കാവുന്നതാണ്.

## അദ്ധ്യായം 10

## വകുപ്പ് 206

കൗൺസിലോ സഭാകൗൺസിലോ നിർദ്ദേശിക്കുന്ന എല്ലാ റിക്കാർഡുകളും സൂക്ഷിക്കുക, എപ്പിസ്കോപ്പായുടെ നിർദ്ദേശാനുസരണം മെത്രാപ്പോലീത്താ, സഭാ കൗൺസിൽ, മറ്റു ഭദ്രാസന എപ്പിസ്കോപ്പാമാർ ഇവരുമായി കത്തിടപാടുകൾ നടത്തുക, വരവുചെലവുകണക്കുകൾ സൂക്ഷിക്കുക, കൗൺസിലിന്റെ നിർദ്ദേശാനുസരണം ഭദ്രാസനത്തിന്റെ വാർഷിക റിപ്പോർട്ടും, വരവുചെലവുകണക്കും ബാലൻസ് ഷീറ്റും അസംബ്ലിയിൽ സമർപ്പിക്കുക, അസംബ്ലിയിൽ ചോദ്യങ്ങൾക്കു മറുപടി പറയുക ഇവ സെക്രട്ടറിയുടെ ചുമതലയിൽപ്പെടുന്നതാണ്.

എന്നാൽ അസംബ്ലിയിൽ ചോദ്യങ്ങൾക്കു മറുപടി പറയുന്നതിന് കൗൺസിൽ അംഗങ്ങളിൽ നിന്നും മറ്റു ആരെയെങ്കിലും കൗൺസിലിനു നിയമിക്കാവുന്നതാണ്.

## വകുപ്പ് 213

അസംബ്ലി വാർഷികയോഗത്തിൽ വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കും ബാലൻസ്ഷീറ്റും ബഡ്ജറ്റും പാസ്സാക്കേണ്ടതാണ്.

## വകുപ്പ് 216

അസംബ്ലിയുടെ/സോണൽ അസംബ്ലിയുടെ ഒരു പ്രത്യേക സമ്മേളനം വിളിച്ചുകൂട്ടണമെന്ന് അദ്ധ്യക്ഷനോ കൗൺസിലോ ആവശ്യപ്പെടുകയോ, അസംബ്ലിയുടെ ആകെയുള്ള അംഗങ്ങളിൽ 20% പേർ ചർച്ച ചെയ്യപ്പെടേണ്ട വിഷയം കാണിച്ചു രേഖാമൂലം സെക്രട്ടറിയെ അറിയിക്കുകയോ ചെയ്യുന്നപക്ഷം അദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സെക്രട്ടറി ഒരു പ്രത്യേക സമ്മേളനം വിളിച്ചുകൂട്ടേണ്ടതാണ്.

## അദ്ധ്യായം 11

## അസംബ്ലി തെരഞ്ഞെടുപ്പ്

## വകുപ്പ് 228

ഇപ്രകാരം കല്പന കിട്ടിയാൽ എത്രയും വേഗം ഏകാഭിപ്രായ തെരഞ്ഞെടുപ്പിനുള്ള സാദ്ധ്യത ആരായുന്നതിനായി വികാരി കൈസ്ഥാനസമിതിയുടെ ആലോചനയോടുകൂടി അടുത്തടുത്തുള്ള രണ്ട് ഞായറാഴ്ച (ആഴ്ചതോറുമുള്ള രണ്ട് ആരാധനാമദ്ധ്യേ) പരസ്യം ചെയ്ത് പകർപ്പ് പള്ളിയുടെ നോട്ടീസ് ബോർഡിൽ പതിച്ചും ഇടവക സംഘത്തെ വിളിച്ചു കൂട്ടാവുന്നതും അങ്ങനെ നല്കുന്ന പരസ്യത്തിൽ തെരഞ്ഞെടുക്കപ്പെടേണ്ട പ്രതിനിധികളുടെ എണ്ണവും മറ്റ് ആവശ്യമായ വിവരങ്ങളും കാണിച്ചിരിക്കേണ്ടതുമാണ്.

ഇങ്ങനെ വിളിച്ചുകൂട്ടുന്ന യോഗത്തിൽ അസംബ്ലിയിലേക്കുള്ള ഇടവക പ്രതിനിധികളെ ഏകാഭിപ്രായമായി തെരഞ്ഞെടുക്കാവുന്നതും അതു നിയമാനുസൃതമായ തെരഞ്ഞെടുപ്പായി പരിഗണിക്കുന്നതുമാകുന്നു.

## വകുപ്പ് 229 (1)

മേൽ 228–ാം വകുപ്പനുസരിച്ച് ഏകാഭിപ്രായമായി തെരഞ്ഞെടുപ്പ് നടക്കാതിരുന്നാൽ വികാരി കൈ സ്ഥാന സമിതി വിളിച്ചുകൂട്ടി രഹസ്യബാലറ്റു മുഖേന തെരഞ്ഞെടുപ്പു നടത്തുന്നതിന് ഇടവകസംഘം കൂടേണ്ട തീയതി നിശ്ചയിക്കേണ്ടതും പുതിയ തെരഞ്ഞെടുപ്പ് വിജ്ഞാപനം മുൻവകുപ്പിൽ പറയുന്നപ്രകാരം നട ത്തേണ്ടതും അങ്ങനെ നല്കുന്ന വിജ്ഞാപനത്തിൽ മുൻ വകുപ്പിൽ പറഞ്ഞ വിവരങ്ങൾക്കു പുറമേ ഭരണ ഘടനയുടെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന B(1) മാതൃകയിലുള്ള നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കേണ്ട അവസാന തീയതി, സമയം, സ്ഥലം, നിർദ്ദേശപത്രികകൾ സൂക്ഷ്മ പരിശോധന നട ത്തുന്ന തീയതി, സമയം, സ്ഥലം, നിർദ്ദേശ പത്രികകൾ പിൻവലിക്കുന്നതിനുള്ള അവസാന തീയതി, സമ യം, പോളിംഗ് നടക്കുന്ന തീയതി, സമയം, സ്ഥലം, വോട്ടുകൾ എണ്ണിത്തിട്ടപ്പെടുത്തി ഫലം പ്രഖ്യാപി ക്കുന്ന തീയതി, സമയം, സ്ഥലം എന്നിവ ചേർത്തിരിക്കേണ്ടതും തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിലെ മേൽപ റഞ്ഞ വിവരങ്ങൾ ഈ വകുപ്പിൽ അനുശാസിക്കുന്ന പ്രകാരം കൂടുന്ന കൈസ്ഥാന സമിതിയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതും തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിന്റെ പകർപ്പ് പള്ളിയുടെ നോട്ടീസ് ബോർഡിൽ പതി ച്ചിരിക്കേണ്ടതുമാണ്.

ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന തെരഞ്ഞെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും/അറി യിപ്പുകളും പള്ളിയുടെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ള സ്ഥലങ്ങ ളിൽ ഇതു സംബന്ധിച്ച് ഭദ്രാസന എപ്പിസ്കോപ്പായുടെ നിർദ്ദേശാനുസരണം അനുയോജ്യമായ മറ്റ് ക്രമീക രണം ചെയ്യേണ്ടതാണ്.

## വകുപ്പ് 229 (2)

രണ്ടാമത് പരസ്യം ചെയ്ത ദിവസം നിശ്ചിത സമയത്തിനുള്ളിൽ നിർദ്ദേശപത്രിക വരണാധികാരിയുടെ മുമ്പാകെ സമർപ്പിക്കേണ്ടതും നിർദ്ദേശപത്രികയുടെ സൂക്ഷ്മപരിശോധന അന്നേദിവസം നിശ്ചിത സമ യത്ത് നടത്തേണ്ടതുമാണ്.

## വകുപ്പ് 230

തെരഞ്ഞെടുപ്പ് കഴിവതും ഞായറാഴ്ച ഒഴിച്ചുള്ള ദിവസമായിരിക്കണം.

## വകുപ്പ് 231

319–ാം വകുപ്പ് പ്രകാരം പുതുക്കി പൂർത്തിയാക്കിയിട്ടുള്ള ഇടവകസംഘാംഗ രജിസ്റ്ററിൽ പേരുള്ളവരും, 24 വയസ്സിൽ കുറയാതെ പ്രായമുള്ളവരും, മേലധികാരത്തിൽ നിന്നും ഇടവകസംഘാംഗത്വം തടഞ്ഞിട്ടില്ലാത്ത വരുമായ ഏവർക്കും തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായിരിക്കാവുന്നതാണ്.

## വകുപ്പ് 232

നിർദ്ദേശ പത്രികകൾ B(1) മാതൃകയിലുള്ള ഫോറത്തിൽ ആയിരിക്കേണ്ടതും അതാത് ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെടാവുന്ന എണ്ണത്തിൽ കവിയാതെ ആളുകളെ നിർദ്ദേശിക്കുന്നതിന് ഓരോ നിർദ്ദേശകനും അനുവാദമുണ്ടായിരിക്കുന്നതുമാണ്. ഓരോ നിർദ്ദേശപത്രികയ്ക്കും ഓരോ അനുവാദകനുമുണ്ടായിരിക്ക ണം. തെരഞ്ഞെടുക്കപ്പെടാവുന്ന എണ്ണത്തിൽ കൂടുതൽ ആളുകൾക്ക് ഒരാൾ നിർദ്ദേശകനോ അനുവാദ കനോ ആയിരിക്കുന്ന പക്ഷം അങ്ങനെയുള്ള നിർദ്ദേശ പത്രികകൾ എല്ലാം അസാധുവായി പരിഗണി ക്കപ്പെടുന്നതാണ്.

## വകുപ്പ് 233

നാമനിർദ്ദേശപത്രികകൾ നിശ്ചിത സമയത്തിനുള്ളിൽ വരണാധികാരിയുടെ മുമ്പാകെ സമർപ്പിക്കേണ്ടതും നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന വിജ്ഞാപനത്തിൽ പറയുന്ന തീയതിക്കും സമയത്തും സ്ഥലത്തും വച്ച് വരണാധികാരി നടത്തേണ്ടതും പരിശോധനയിൽ സാധുവായുള്ളവ സ്വീകരിക്കുകയും അല്ലാത്തവ നിരാകരിക്കേണ്ടതുമാണ്.

## വകുപ്പ് 234

സ്ഥാനാർത്ഥിക്കോ നിർദ്ദേശകനോ അനുവാദകനോ സൂക്ഷ്മ പരിശോധന സമയത്തു ഹാജരായിരിക്കാവു ന്നതാണ്.

## വകുപ്പ് 235

സൂക്ഷ്മ പരിശോധന കഴിഞ്ഞാലുടൻ സ്വീകരിക്കപ്പെട്ട നിർദ്ദേശിതരുടെ പേരുകൾ പള്ളിയുടെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.

സ്വീകരിക്കപ്പെട്ട നിർദ്ദേശിതരുടെ എണ്ണം തെരഞ്ഞെടുക്കപ്പെടേണ്ട പ്രതിനിധികളുടെ എണ്ണത്തിൽ കൂടുതലാണെങ്കിൽ, ടി നിർദ്ദേശിതരുടെ പേരുകൾ തെരഞ്ഞെടുപ്പിന് അടുത്തു മുമ്പുള്ള ഞായറാഴ്ച/ ആഴ്ചയിലെ ആരാധനദിവസം പള്ളിയിൽ പരസ്യപ്പെടുത്തേണ്ടതും, ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ തയ്യാറാക്കിയ പേരുകൾ അടങ്ങിയ പട്ടിക ഭരണഘടനയുടെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന B(2) മാതൃകയിലുള്ള ഫോറത്തിൽ രേഖപ്പെടുത്തി വരണാധികാരിയുടെ ഒപ്പോടുകൂടി നോട്ടീസ് ബോർഡിൽ പതിച്ചിരിക്കേണ്ടതുമാണ്.

### വകുപ്പ് 236

നാമനിർദ്ദേശപത്രിക പിൻവലിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയം അവസാനിക്കുമ്പോൾ, ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ട പ്രതിനിധികളുടെ എണ്ണത്തിൽ കൂടുതൽ പേരുകൾ ഇല്ലാതിരുന്നാൽ, നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവർ എല്ലാം തെരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും, ആ വിവരം നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതുമാണ്. മേൽ പ്രസ്താവിച്ച നടപടിക്രമങ്ങൾ ഇടവക സംഘ നടപടി പുസ്തകത്തിൽ രേഖപ്പെടുത്തി വരണാധികാരി ഒപ്പ് വയ്ക്കേണ്ടതും വികാരി സാക്ഷ്യപ്പെടുത്തിയ, അതിന്റെ ശരിപകർപ്പ്, അംഗീകാരത്തിനു വേണ്ടി, ഭദ്രാസന എപ്പിസ്കോപ്പായ്ക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

നിർദ്ദേശിതരുടെ എണ്ണം, തെരഞ്ഞെടുക്കപ്പെടേണ്ട പ്രതിനിധികളുടെ എണ്ണത്തിൽ കുറവായിരുന്നാൽ, സംവരണ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ടെങ്കിൽ, സംവരണ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിർദ്ദേശിക്കപ്പെട്ടവർ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതും ബാക്കി ഒഴിവുള്ള സ്ഥാനത്തേക്ക്/സ്ഥാനങ്ങളിലേക്ക് പരസ്യം മുതലുള്ള നടപടികൾ ആവർത്തിച്ചു നടത്തി, തെരഞ്ഞെടുപ്പ് പൂർത്തീകരിക്കേണ്ടതുമാണ്.

### വകുപ്പ് 237

നിർദ്ദേശിതരിൽ ആരെങ്കിലും തെരഞ്ഞെടുപ്പിനു മുമ്പു മരിച്ചാൽ ആ പേര് നിർദ്ദേശിതരുടെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

### വകുപ്പ് 238

നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയം അവസാനിക്കുമ്പോൾ തെരഞ്ഞെടുക്കപ്പെടാവുന്നവരുടെ എണ്ണത്തിൽ കൂടുതൽ നിർദ്ദേശിതർ ഉണ്ടായിരുന്നാൽ ബാലറ്റു മുഖേന തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

### വകുപ്പ് 239

തെരഞ്ഞെടുപ്പിനു ഇടവക വികാരിയോ അദ്ദേഹത്തിന്റെ അഭാവത്തിൽ അസിസ്റ്റന്റ് വികാരിയോ വരണാധികാരി ആയിരിക്കും. എന്നാൽ യുക്തമെന്ന് തോന്നുന്നപക്ഷം മറ്റാരെയെങ്കിലും വരണാധികാരിയായി നിയമിക്കുന്നതിനു ഭദ്രാസന എപ്പിസ്കോപ്പായ്ക്കു അധികാരം ഉണ്ടായിരിക്കുന്നതാണ്.

### വകുപ്പ് 241

തെരഞ്ഞെടുപ്പ് രഹസ്യ ബാലറ്റ് മുഖാന്തരമായിരിക്കും; പ്രോക്സി അനുവദിക്കുന്നതല്ല.

സ്ഥാനാർത്ഥിക്കോ സ്ഥാനാർത്ഥി നിർദ്ദേശിക്കുന്ന ഇടവക സംഘാംഗത്തിനോ തെരഞ്ഞെടുപ്പ് സമയത്ത് പോളിംഗ് ബൂത്തിൽ വരണാധികാരി നിർദ്ദേശിക്കുന്ന സ്ഥലത്ത് സന്നിഹിതരാകാവുന്നതാണ്.

തെരഞ്ഞെടുപ്പ് ആരംഭിക്കുന്നതിനു മുമ്പായി ബാലറ്റ് പെട്ടി/ ബാലറ്റ് പെട്ടികൾ, സ്ഥാനാർത്ഥികളുടെയോ ഇടവക സംഘാംഗങ്ങളുടെയോ സാന്നിദ്ധ്യത്തിൽ പരിശോധിച്ച്, വരണാധികാരി പൂട്ടേണ്ടതും പോളിംഗിനു ശേഷം സീൽ ചെയ്യേണ്ടതുമാണ്.

### വകുപ്പ് 242

സമ്മതിദായകന് ഭരണഘടനയുടെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന B(3) മാതൃകയിൽ ഉള്ള ബാലറ്റ് പേപ്പർ പോളിംഗ് ഓഫീസർ മറുവശത്തു ഒപ്പുവച്ചു കൊടുക്കേണ്ടതും, കൊടുത്ത വിവരത്തിനു സമ്മതിദായകപ്പട്ടികയിൽ സമ്മതിദായകന്റെ ഒപ്പോ വിരലടയാളമോ വാങ്ങിയിരിക്കേണ്ടതുമാണ്.

## അദ്ധ്യായം 12
## അസംബ്ലി–നടപടിക്രമം

### വകുപ്പ് 267

അസംബ്ലി വിളിച്ചുകൂട്ടുന്നതിനു ഭദ്രാസന സെക്രട്ടറി അയയ്ക്കുന്ന നോട്ടീസ് അംഗങ്ങൾ കൈപ്പറ്റി നിശ്ചിത സമയത്ത് സഭയിൽ ഹാജരായിരിക്കേണ്ടതാണ്.

### വകുപ്പ് 276

അദ്ധ്യക്ഷന്റെ പ്രാരംഭ പ്രസംഗാനന്തരം സെക്രട്ടറി മുൻവർഷത്തെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കും (Receipt & Payment Account, Income & Expenditure Account) ബാലൻസ് ഷീറ്റും യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. തുടർന്ന് ബഡ്ജറ്റിൽ ഇല്ലാതെയും ബഡ്ജറ്റിൽ കവിഞ്ഞും ചെലവായ തുകകൾക്കുള്ള അനുമതി, ആവശ്യമായ വിശദീകരണങ്ങളോടു കൂടി ട്രഷറാർ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

### വകുപ്പ് 277

അതിനെ യോഗാംഗങ്ങളിൽ ആരെങ്കിലും പിൻതാങ്ങിയശേഷം വാർഷിക റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ള ഏതെങ്കിലും സംഗതികളെക്കുറിച്ചോ വരവ് ചെലവുകണക്ക് (Receipt & Payment Account, Income & Expenditure Account), ബാലൻസ് ഷീറ്റ് എന്നിവ സംബന്ധിച്ചോ റിപ്പോർട്ടുവർഷത്തിൽ ഭദ്രാസനത്തിൽ നടന്നതോ ഭദ്രാസനത്തെ സംബന്ധിക്കുന്നതോ ആയ ഏതെങ്കിലും സംഭവത്തെക്കുറിച്ചോ സെക്രട്ടറിയോടു ചോദ്യം ചോദിക്കുന്നതിനു അംഗങ്ങൾക്കു അവകാശമുള്ളതും, ചോദ്യങ്ങൾക്കു സെക്രട്ടറിയോ കൗൺസിൽ നിയമിക്കുന്ന മറ്റു അംഗങ്ങളോ ഉത്തരം പറയേണ്ടതുമാണ്.

എന്നാൽ സഭയിൽ ചോദിക്കാനിരിക്കുന്ന ചോദ്യങ്ങൾ അസംബ്ലി കൂടുന്നതിനു 7 ദിവസം മുമ്പു സെക്രട്ടറിക്കു നൽകിയിരിക്കേണ്ടതാണ്. മൂന്നിൽ കൂടുതൽ ചോദ്യങ്ങൾ ചോദിക്കാൻ ഒരു സഭാംഗത്തിനു അനുവാദം ഉണ്ടായിരിക്കയില്ല. അദ്ധ്യക്ഷന്റെ അനുമതിയോടുകൂടി ഉപചോദ്യങ്ങൾ ചോദിക്കാവുന്നതാണ്. അദ്ധ്യക്ഷന് അയോഗ്യമെന്നു തോന്നുന്ന ചോദ്യങ്ങൾ തള്ളിക്കളയാവുന്നതാണ്. ചോദ്യോത്തരങ്ങൾക്ക് ഒരു മണിക്കൂറിൽ കൂടുതൽ സമയം അനുവദിക്കുന്നതുമല്ല.

### വകുപ്പ് 278

ചോദ്യോത്തരങ്ങൾക്കുശേഷം റിപ്പോർട്ടിനെയും വരവ് ചെലവ് കണക്കിനെയും (Receipt & Payment Account, Income & Expenditure Account) ബാലൻസ് ഷീറ്റിനെയും പറ്റിയുള്ള പൊതു ചർച്ചയെത്തുടർന്ന്, അദ്ധ്യക്ഷൻ അവ വോട്ടിനിടേണ്ടതും ഭൂരിപക്ഷാഭിപ്രായപ്രകാരം റിപ്പോർട്ടു അംഗീകരിക്കേണ്ടതും വരവ് ചെലവു കണക്കും (Receipt & Payment Account, Income & Expenditure Account) ബാലൻസ് ഷീറ്റും പാസ്സാക്കേണ്ടതുമാണ്.

റിപ്പോർട്ടിനെയും വരവ് ചെലവ് കണക്കിനെയും പറ്റി ഭേദഗതിപ്രമേയങ്ങൾ അവതരിപ്പിക്കുന്നതിന് അസംബ്ലി അംഗങ്ങൾക്ക് അവകാശം ഉണ്ടായിരിക്കുന്നതും ആയത് അസംബ്ലി കൂടുന്നതിന് ഏഴുദിവസം മുമ്പ് സെക്രട്ടറിക്കു ലഭിച്ചിരിക്കേണ്ടതുമാണ്. ഭേദഗതി പ്രമേയങ്ങൾ ചോദ്യോത്തരങ്ങൾക്കുശേഷം അവതരിപ്പിക്കേണ്ടതും ചർച്ച നടത്തി അവ ആദ്യം വോട്ടിനിടേണ്ടതുമാണ്.

തുടർന്നുള്ള ചർച്ചകൾക്കുശേഷം റിപ്പോർട്ടും വരവ് ചെലവ് കണക്കും (Receipt & Payment Account, Income & Expenditure Account) ബാലൻസ് ഷീറ്റും വോട്ടിനിട്ടു റിപ്പോർട്ടു അംഗീകരിക്കേണ്ടതും വരവ് ചെലവു കണക്കും (Receipt & Payment Account, Income & Expenditure Account) ബാലൻസ് ഷീറ്റും പാസ്സാക്കേണ്ടതുമാണ്.

### വകുപ്പ് 280

ആലോചനാവിഷയങ്ങളായി കാര്യപരിപാടിയിൽ ചേർത്തിരിക്കുന്നവ അദ്ധ്യക്ഷന്റെ യുക്തംപോലെയുള്ള ക്രമത്തിന് പ്രസ്താവിക്കുന്നതും, ഓരോ വിഷയവും ആലോചനയ്ക്ക് അവതരിപ്പിച്ചതിന്റെ ഉദ്ദേശ്യവും കാരണവും വ്യക്തമാക്കി കൗൺസിൽ അംഗങ്ങളിൽ ഒരാളോ, അവരാൽ മുൻകൂട്ടി നിയമിക്കപ്പെട്ടിരിക്കുന്ന മറ്റാരെങ്കിലുമോ, ഒരു പ്രസംഗത്തോടുകൂടി പ്രസ്തുത വിഷയം സംബന്ധിച്ച പ്രമേയം അസംബ്ലിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും ആരെങ്കിലും പിൻതാങ്ങുന്നതായാൽ അത് ആലോചനയ്ക്കു വിഷയമാകുന്നതും, ചർച്ചയ്ക്കുശേഷം വോട്ടിനിട്ടു തീരുമാനിക്കുന്നതുമാണ്.

പ്രസ്തുത പ്രമേയത്തിനു ഭേദഗതി പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനു അസംബ്ലി അംഗങ്ങൾക്കു അവകാശമുണ്ടായിരിക്കുന്നതും, ആയത് അസംബ്ലി കൂടുന്നതിനു 7 ദിവസം മുമ്പു സെക്രട്ടറിക്കു ലഭിച്ചിരിക്കേണ്ടതുമാണ്. മൂലപ്രമേയം പിൻതാങ്ങിക്കഴിഞ്ഞതിനുശേഷം ഭേദഗതി പ്രമേയങ്ങൾ അവതരിപ്പിക്കേണ്ടതും ചർച്ച നടത്തി അവ വോട്ടിനിടേണ്ടതുമാണ്.

തുടർന്നുള്ള ചർച്ചകൾക്കു ശേഷം മൂലപ്രമേയം അംഗീകരിക്കപ്പെട്ട ഭേദഗതികളോടുകൂടി വോട്ടിനിട്ടു തീരുമാനിക്കേണ്ടതാണ്.

### വകുപ്പ് 290

അസംബ്ലി വൃത്താന്തങ്ങൾ സെക്രട്ടറിയോ റെക്കോർഡിംഗ് സെക്രട്ടറിയോ അതതു ദിവസം തന്നെ യോഗം പിരിയുന്നതിനു മുമ്പോ, അടുത്ത ദിവസം കാലത്തു യോഗം കൂടിയാൽ ഉടനെയോ അംഗീകാരത്തിനു സമർപ്പിക്കേണ്ടതാണ്. അവസാന ദിവസത്തെ യോഗ വൃത്താന്തം സമാപന പ്രാർത്ഥനയ്ക്കും ആശീർവാദത്തിനും മുമ്പു സമർപ്പിച്ചിരിക്കേണ്ടതാണ്. അസംബ്ലി അംഗീകരിക്കുന്ന യോഗവൃത്താന്തം അപ്പോൾ തന്നെ അദ്ധ്യക്ഷൻ ഒപ്പുവെയ്ക്കുകയും ആയതു സെക്രട്ടറി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

### വകുപ്പ് 291

അസംബ്ലി ചെയ്യുന്ന തീരുമാനങ്ങളുടെ മൂന്നു പകർപ്പുകൾ ഭദ്രാസന എപ്പിസ്കോപ്പാ മുഖാന്തരം, യോഗം കൂടി പതിനഞ്ചു ദിവസത്തിനകം എപ്പിസ്കോപ്പൽ സിനഡിലേക്കു അയയ്ക്കേണ്ടതും സിനഡ് അംഗീകാരം നൽകുന്ന നിശ്ചയങ്ങളുടെ രണ്ടു പകർപ്പുകൾ സിനഡിന്റെ കൺവീനർ ഭദ്രാസന ആഫീസിലേക്കു അയച്ചുകൊടുക്കേണ്ടതും, അവയിൽ ഒന്ന് അവിടെ ഫയലിൽ സൂക്ഷിക്കേണ്ടതും, ഒരു പകർപ്പ് സഭാ സെക്രട്ടറിക്കു അയച്ചുകൊടുക്കേണ്ടതുമാണ്. അങ്ങനെയുള്ള നിശ്ചയങ്ങളെ എപ്പിസ്കോപ്പാ കല്പന മൂലം പ്രസിദ്ധീകരിക്കുന്നതും അവ ഭദ്രാസനത്തിനു ബാധകമായിരിക്കുന്നതുമാണ്.

ഭദ്രാസന അസംബ്ലിക്കുവേണ്ടി അസംബ്ലി അംഗങ്ങളാൽ രൂപീകരിച്ചിട്ടുള്ളതും രൂപീകരിക്കുന്നതുമായ ട്രസ്റ്റുകളുടെയും സൊസൈറ്റികളുടെയും തീരുമാനങ്ങളുടെയും ഓഡിറ്റു ചെയ്ത വരവു ചെലവു കണക്കിന്റെയും ബാലൻസ് ഷീറ്റിന്റെയും മൂന്നു പകർപ്പുകൾ മേൽ സൂചിപ്പിച്ച പ്രകാരം എപ്പിസ്കോപ്പൽ സിനഡിന്റെ അറിവിലേക്കായി അയച്ചുകൊടുക്കേണ്ടതും ഒരു പകർപ്പ് സഭാ സെക്രട്ടറിക്കും അയച്ചുകൊടുക്കേണ്ടതുമാണ്.

### വകുപ്പ് 318 (5)

ഭർത്താവിന്റെ മരണത്തെ തുടർന്നോ, നിയമപ്രകാരം വിവാഹബന്ധം വേർപ്പെടുത്തപ്പെട്ടതിന്റെ (nullity, divorce, judicial separation) പശ്ചാത്തലത്തിലോ, നിയമനടപടികൾ മുഖാന്തരമല്ലെങ്കിലും ഭർത്താവിന്റെ കൂടെ ഒരുമിച്ചുള്ള ജീവിതം അസാദ്ധ്യമാകുന്ന സാഹചര്യങ്ങളിൽ, പിതൃഭവനം ഉൾപ്പെടുന്ന ഇടവകാതിർത്തിയിൽ വന്നു താമസിക്കുന്ന സ്ത്രീകൾ ആ ഇടവകയിലെ അംഗത്വത്തിന് പ്രസക്തകാര്യങ്ങൾ ഉൾക്കൊള്ളുന്ന സത്യവാങ്മൂലത്തോടു കൂടിയ പ്രത്യേക അപേക്ഷ ഇടവക വികാരിക്ക് സമർപ്പിക്കാവുന്നതും, വികാരിയുടെ റിപ്പോർട്ടിന്മേൽ ഭദ്രാസന എപ്പിസ്കോപ്പാ അപേക്ഷകയ്ക്ക് ആ ഇടവകയിൽ അംഗത്വം നൽകാവുന്നതുമാണ്.

### വകുപ്പ് 318 (6)

മേൽ (5)–ാം ഉപവകുപ്പിൽ പരാമർശിക്കുന്ന സ്ത്രീകൾ, പ്രത്യേക സാഹചര്യത്തിൽ, മറ്റൊരിടവകയിൽ അംഗത്വം ആഗ്രഹിക്കുന്ന പക്ഷം, ആ ഇടവകയിലെ വികാരിക്ക്, പ്രസക്ത കാര്യങ്ങൾ ഉൾക്കൊള്ളുന്ന സത്യവാങ്മൂലത്തോടുകൂടി അപേക്ഷ സമർപ്പിക്കാവുന്നതും, പ്രസ്തുത അപേക്ഷ വികാരിയുടെ റിപ്പോർട്ടോടുകൂടി ഭദ്രാസന എപ്പിസ്കോപ്പായുടെ തീരുമാനത്തിനായി അയച്ചുകൊടുക്കേണ്ടതും, ഭദ്രാസന എപ്പിസ്കോപ്പാ തീരുമാനം കൈക്കൊള്ളുന്നതുമാകുന്നു. ഭദ്രാസന എപ്പിസ്കോപ്പായുടെ തീരുമാനം അനുസരിച്ച് വികാരി തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

### വകുപ്പ് 318 A

ഇടവക സന്ധാരണത്തിനും ക്രിസ്തീയ സാക്ഷ്യത്തിനും, വേണ്ടിവരുന്ന സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിനായി വരുമാനമുള്ള എല്ലാ ഇടവകാംഗങ്ങളും സ്വമേധയാ ഒരു നിശ്ചിത സംഭാവന നല്കുന്നത് അവരുടെ ക്രിസ്തീയ ധർമ്മമാണ്. ഈദൃശ സംഭാവനകളുടേയും വാഗ്ദാനങ്ങളുടേയും ലിസ്റ്റുകൾ ക്രമമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഇടവക സംഘത്തിൽ ഓഡിറ്റ് ചെയ്ത വരവു ചെലവു കണക്കും (Receipt & Payment Account, Income & Expenditure Account) ബാലൻസ് ഷീറ്റും ബഡ്ജറ്റും അവതരിപ്പിക്കുന്നതോടൊപ്പം ടി ലിസ്റ്റുകളും കൂടി സമർപ്പിക്കേണ്ടതുമാണ്.

### വകുപ്പ് 319

ഇടവക രജിസ്റ്ററിൽ പേരുള്ളവരും ആ ഇടവകയിൽ വിശുദ്ധകുർബാന കൈക്കൊള്ളുന്നവരും 18 വയസ്സിൽ കുറയാതെ പ്രായമുള്ളവരും മേലധികാരത്തിൽ നിന്നും ഇടവകസംഘാംഗത്വം തടഞ്ഞിട്ടില്ലാത്തവരുമായ എല്ലാ ഇടവകാംഗങ്ങൾക്കും ഇടവക സംഘത്തിൽ അംഗമാകുന്നതിനവകാശമുണ്ടായിരിക്കുന്നതാണ്.

ഇടവക സംഘാംഗ രജിസ്റ്റർ എല്ലാവർഷവും ജനുവരി 15–ാം തീയതിക്കകം പുതുക്കി പൂർത്തിയാക്കിയിരിക്കേണ്ടതാണ്. പുതുക്കിയ ഇടവക സംഘാംഗ രജിസ്റ്ററിന്റെ പകർപ്പ് എല്ലാവർക്കും കാണത്തക്ക രീതിയിൽ പള്ളിയിൽ പരസ്യപ്പെടുത്തേണ്ടതാണ്. പള്ളിയിൽ പരസ്യപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമു

ട്ടുള്ള സ്ഥലങ്ങളിൽ ഇതുസംബന്ധിച്ച് ഭദ്രാസന എപ്പിസ്കോപ്പായുടെ നിർദ്ദേശാനുസരണം അനുയോജ്യമായ മറ്റു ക്രമീകരണം ചെയ്യേണ്ടതാണ്. പരസ്യപ്പെടുത്തിയ ലിസ്റ്റ് സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അതു പരസ്യപ്പെടുത്തി 10 ദിവസത്തിനകം വികാരിയുടെ പക്കൽ രേഖാമൂലം ആക്ഷേപം ബോധിപ്പിക്കേണ്ടതും ഒരാഴ്ചയ്ക്കകം വികാരി ആക്ഷേപം പരിഗണിച്ചു തീരുമാനം കൈക്കൊണ്ട് അന്തിമ ലിസ്റ്റ് വീണ്ടും പരസ്യപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത തീരുമാനത്തിൽ പരാതിയുള്ള കക്ഷിക്കു അന്തിമ ലിസ്റ്റ് പരസ്യപ്പെടുത്തി ഒരാഴ്ചയ്ക്കകം എപ്പിസ്കോപ്പായുടെ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. അപ്പീൽ സംഗതിയിൽ എപ്പിസ്കോപ്പായുടെ തീരുമാനം അവസാന തീരുമാനമായിരിക്കുന്നതാണ്.

ഇടവകസംഘത്തിൽ അംഗത്വത്തിന് അർഹതയുള്ള ഏതൊരു വ്യക്തിക്കും റജിസ്റ്ററിൽ പേരു ചേർക്കുന്നതിനു ഇടക്കാല വേളയിൽ വികാരിയുടെ മുമ്പാകെ പ്രത്യേകാപേക്ഷ സമർപ്പിക്കാവുന്നതും നിലവിലുള്ള നടപടിക്രമം അനുസരിച്ചു വികാരി അപേക്ഷയിന്മേൽ നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഇടവകയിൽ തെരഞ്ഞെടുപ്പു തീയതി പരസ്യം ചെയ്തശേഷം തെരഞ്ഞെടുപ്പു കഴിയുന്നതുവരെ ഇടവക സംഘാംഗ രജിസ്റ്ററിൽ പുതുതായി പേരു ചേർക്കുവാൻ പാടില്ലാത്തതാകുന്നു.

മെത്രാപ്പോലീത്തായുടെ കല്പനമൂലം ഇടവകയിൽ/ഇടവകകളിൽ നിയമിതരാകുന്ന പട്ടക്കാർക്ക് നിയമിക്കപ്പെടുന്ന ഇടവകയിൽ/ഇടവകകളിൽ ഇടവകാംഗത്വവും ലഭിക്കുന്നതാണ്. എന്നാൽ മറ്റൊരു ഇടവകയിലേക്ക്/ഇടവകകളിലേക്ക് സ്ഥലംമാറ്റ കല്പന ലഭിച്ചാൽ, മുൻ ഇടവകയിലെ/ഇടവകകളിലെ ഇടവകാംഗത്വം നഷ്ടപ്പെടുന്നതും പുതുതായി നിയമിക്കപ്പെടുന്ന ഇടവകയിൽ/ഇടവകകളിൽ, ഇടവകാംഗത്വം ലഭിക്കുന്നതാണ്. നിയമിതരാകുന്ന പട്ടക്കാർ താമസിക്കുന്ന പാർസനേജ്/സ്ഥലം ഉൾപ്പെടുന്ന ഇടവകയിൽ നിയമിതരായ പട്ടക്കാരുടെ കുടുംബാംഗങ്ങൾക്ക് ഇടവകാംഗത്വം ലഭിക്കുന്നതും കല്പന മൂലം സ്ഥലംമാറ്റം ലഭിച്ചാൽ, നിയമിക്കപ്പെടുന്ന ഇടവകയിലോ/താമസിക്കുന്ന സ്ഥലം ഉൾപ്പെടുന്ന ഇടവകയിലോ പട്ടക്കാരന്റെ കുടുംബാംഗങ്ങൾക്ക് പുതിയതായി ഇടവകാംഗത്വം ലഭിക്കുന്നതും മുൻ ഇടവകയിലെ ഇടവകാംഗത്വം നഷ്ടപ്പെടുന്നതുമാണ്.

സഭയിലെ സ്ഥാപനകളിലോ സംഘടനകളിലോ നിയമിതരാകുന്ന പട്ടക്കാർക്കും കുടുംബാംഗങ്ങൾക്കും സ്ഥാപനം ഉൾപ്പെടുന്ന ഭദ്രാസനത്തിലെ ഏതെങ്കിലും ഇടവകയിൽ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇടവകാംഗത്വം ലഭിക്കുന്നതാണ്.

### വകുപ്പ് 320

മാർത്തോമ്മാ സുറിയാനി സഭയിലെ ഒരു ഇടവകയിലെ അംഗത്തെ മറ്റൊരു ഇടവകയുടെ അംഗമാക്കുന്നതിനു പൂർവ്വ ഇടവകയിലെ വികാരിയുടെ ട്രാൻസ്ഫർ സർട്ടിഫിക്കേറ്റ് (TC) വേണ്ടതാണ്.

എന്നാൽ ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിൽ സാക്ഷിപത്രം ലഭിക്കുന്നതിനിടയാകാതെവന്നാൽ പുതുതായി ഏത് ഇടവകയിൽ അംഗത്വത്തിന് അപേക്ഷിക്കുന്നുവോ ആ ഇടവകയിലെ ഭദ്രാസന എപ്പിസ്കോപ്പായുടെ കല്പന പ്രകാരം അയാൾക്കു പുതിയ ഇടവകയിൽ അംഗത്വം നൽകാവുന്നതാണ്.

ഈ വകുപ്പ് അനുസരിച്ച് പുതിയ ഇടവകയിൽ അംഗത്വം നൽകുന്ന വിവരം ഇടവകവികാരി ബന്ധപ്പെട്ട അംഗത്തിന്റെ പൂർവ്വ ഇടവകയെ അറിയിക്കേണ്ടതാണ്.

### വകുപ്പ് 391

ഈ ഭരണഘടന ക്രിസ്താബ്ദം 1908–ൽ അന്നു നിലവിലിരുന്ന സമുദായ ആലോചന സമിതി പാസ്സാക്കിയതുമൂലം മലങ്കര മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനി സമുദായഭരണക്രമം എന്ന പേരിൽ നിലവിൽ വന്നതും അതത്കാലങ്ങളിൽ ഭരണഘടനാ വ്യവസ്ഥകൾക്കനുസൃതമായി ഭേദഗതി ചെയ്യപ്പെട്ടതും പ്രാബല്യത്തിൽ തുടരുന്നതും ആകുന്നു.

## മറ്റു നിശ്ചയങ്ങൾ

(1) വകുപ്പ് 9B: ഈ വിഷയത്തിന്മേൽ ബഹു. എപ്പിസ്കോപ്പൽ സിനഡ് ആലോചന നടത്തി തീരുമാനമെടുത്ത് 2024 ലെ വാർഷിക മണ്ഡലയോഗത്തിൽ ഔദ്യോഗിക ഭരണഘടനാ ഭേദഗതി പ്രമേയമായി അവതരിപ്പിക്കുന്നതാണ് എന്ന അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ നിർദ്ദേശം മണ്ഡലയോഗം ഏകകണ്ഠമായി അംഗീകരിച്ചു.

(2) 9C, 9D എന്നീ വകുപ്പുകൾ 9B വകുപ്പ് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടതിനു ശേഷം അടുത്ത വാർഷിക പ്രതിനിധി മണ്ഡലത്തോട് ചേർന്ന് ഭരണഘടന ഭേദഗതി പ്രമേയമായി പ്രസ്തുത വകുപ്പുകൾ പരിഗണിച്ചാൽ മതി എന്ന് സർവ്വസമ്മതമായി തീരുമാനിച്ചു.

(3) വിശേഷാൽ മണ്ഡലത്തിൽ അവതരിപ്പിച്ചു ചർച്ച പൂർത്തീകരിച്ചു തീരുമാനം കൈക്കൊള്ളുവാനുള്ള ഇതര വകുപ്പുകൾ സംബന്ധിച്ച ഭേദഗതി പ്രമേയ അവതരണം 2024 ലെ വാർഷിക പ്രതിനിധി മണ്ഡലത്തോടു ചേർന്ന് വിശേഷാൽ മണ്ഡലയോഗം കൂടി

അവതരിപ്പിച്ചു തുടർ നടപടികൾ പൂർത്തീകരിക്കുന്നതാണ് ഉത്തമം എന്ന മെത്രാപ്പോലീത്താ തിരുമേനിയുടെ നിർദ്ദേശം സഭാ മണ്ഡലം സർവ്വസമ്മതമായി അംഗീകരിച്ചു.

(4) ഇപ്പോൾ നിലവിലുള്ള ഭരണഘടന പരിഷ്ക്കരണ കമ്മറ്റി തുടരുന്നതും തയ്യാറാക്കി മണ്ഡലാംഗങ്ങൾക്ക് വിതരണം ചെയ്തിരുന്നതും എന്നാൽ സമയപരിമിതുമൂലം പരിഗണിക്കുവാൻ സാധിക്കാതെപോയവയുമായ ഭേദഗതി നിർദ്ദേശങ്ങൾ സഭാ കൗൺസിൽ വിശദമായി പഠിച്ച് അടുത്ത വിശേഷാൽ മണ്ഡലയോഗത്തിൽ അവതരിപ്പിക്കേണ്ടതാണെന്ന് മണ്ഡലയോഗം തീരുമാനിച്ചു.